പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) 2013 ജൂൺ മാസം മുതൽ എ.പി.എൽ./ബി.പി.എൽ. ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 11-8-2013-ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി ജന്മരക്ഷ. ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ ഈ പദ്ധതി മൂലം സാധ്യമാകുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ഗുണഭോക്താവിന് ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തരം മണിയോർഡറായാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അയച്ചിരുന്നത്. ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വഴി ധനസഹായം നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

സഹകരണ നയം

11(*41) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളോട് ഈ സർക്കാരിന്റെ സമീപനം വ്യക്തമാക്കാമോ ;

(ബി) പൊതുവിപണിയിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നല്കി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സബ്സിഡിയും സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായങ്ങളും പിൻവലിച്ചതുവഴി, സഹകരണ മേഖലയിലൂടെയുള്ള വിപണി ഇടപെടലുകൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിലക്കയറ്റംമൂലം ജനങ്ങൾ പൊറുതിമുട്ടുന്ന ഘട്ടത്തിൽ സഹകരണ മേഖലയിലൂടെയുള്ള കമ്പോള ഇടപെടൽ ശക്തിപ്പെടുത്താൻ തയ്യാറാകുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ മേഖലയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സംഘം നിയമാവലിക്കും വിധേയമായി ജനക്ഷേമം ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ വികസനത്തിന് പ്രാപ്തമാക്കുന്ന വിധത്തിൽ സഹകരണ മേഖലയെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ സമീപനം.

(ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നു. ഉത്സവകാലങ്ങളിൽ സഹകരണ വിപണികൾ സർക്കാർ സബ്സിഡിയോടുകൂടി സംഘടിപ്പിച്ചും വർഷം മുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ കമ്പോളവിലയിൽ നിന്നും 20 ശതമാനം വിലക്കുറവിൽ നന്മസ്റ്റോറുകളിലൂടെ നൽകിയും സാധാരണ ജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ ത്രിവേണി, സഞ്ചരിക്കുന്ന ത്രിവേണി തുടങ്ങിയ ഔട്ട്ലെറ്റുകളിലൂടെ എത്തിച്ചും വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് സർക്കാർ കൺസ്യൂമർ ഫെഡിലൂടെ നടത്തിവരുന്നത്. സംസ്ഥാനത്തെ പ്രധാന ഉത്സവക്കാലങ്ങളോട് അനുബന്ധിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും തദ്വാരാ അതാതു കാലയളവിൽ ഉണ്ടാകുവാൻ സാധ്യതയുള്ള വിലവർദ്ധനവിനെ നിയന്ത്രണവിധേയമാക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പ്രാദേശിക തലത്തിൽ സഹകരണ സംഘങ്ങൾ മുഖേന പച്ചക്കറിയും മറ്റു നിത്യോപയോഗ സാധനങ്ങളും ന്യായമായ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡിയും സഹകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായവും ഈ സർക്കാർ പിൻവലിച്ചിട്ടില്ല. എന്നാൽ മുൻസർക്കാരുകളുടെ കാലത്ത് അനുമതി കൂടാതെ ഫെഡറേഷൻ സ്വന്തം നിലയിൽ സബ്സിഡി അനുവദിച്ചത് കൊണ്ടുണ്ടായ ബാദ്ധ്യത കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് മൊത്തം 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാർ ഇതിനകം 254.50 കോടി രൂപ നൽകിക്കഴിഞ്ഞു.

(ഡി) അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly